**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4153** **09-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. കിദൂരിൽ മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. 2. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കുമ്പള ഗ്രാമ പഞ്ചായത്തിലെ കിദൂർ, ആരിക്കാടി എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇവയിൽ പ്രവൃത്തി പൂർത്തിയായത്, പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നത്, ടെണ്ടർ നടപടി പൂർത്തീകരിച്ചത്, ഭരണാനുമതി ലഭിച്ചത് ഏതൊക്കെ പദ്ധതികൾക്കാണെന്ന് തരംതിരിച്ച് വിശദമാക്കുമോ; | (ബി) | മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. കിദൂരിൽ മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. 2. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കുമ്പള ഗ്രാമ പഞ്ചായത്തിലെ കിദൂർ, ആരിക്കാടി എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ടൂറിസം മേഖലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | മഞ്ചേശ്വരം മണ്ഡലത്തിൽ ടൂറിസം മേഖലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പൊസടിഗുംബെ ഹിൽ ടൂറിസം പദ്ധതി. 2. കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കണ്വതീർത്ഥ ബീച്ച് സൗന്ദര്യവൽക്കരണ പദ്ധതി. |
| (ഡി) | ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതിയെങ്കിലും വികസിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ഒരു പഞ്ചായത്തിൽ ഒരു ടൂറിസം പദ്ധതിയെങ്കിലും വികസിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ ക്രോഡീകരിച്ചു വരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുകയും ജില്ലയിലെ എല്ലാ പഞ്ചായത്തിലും ഒരു ടൂറിസം കേന്ദ്രം എന്ന ആശയവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ ജില്ലാ കളക്ടറുടെ ഇമെയിൽ വിലാസത്തിൽ ലഭ്യമായത് ക്രോഡീകരിച്ചു വരുന്നു. മഞ്ചേശ്വരം എം.എൽ.എ-യുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ യോഗം ചേർന്ന് ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ ചർച്ചചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ